## പി.പി മൊയ്തുണ്ണി



**തൃശൂർ** പുന്നയൂർക്കുളം ഹൽഖയിൽ സെക്രട്ടറിയായും നാസിമായും പ്രവർത്തിച്ചിരുന്നു പി.പി മൊയ്തുണ്ണി സാഹിബ്. എൻ.കെ അബ്ദുൽഖാദിർ മൗലവിയുമായുള്ള സഹവാസമാണ് അദ്ദേഹത്തെ തെളിഞ്ഞ ചിന്തയിലേക്കും മാതൃകാപരമായ കർമജീവിതത്തിലേക്കും നയിച്ചത്. തൊഴിലാവശ്യാർഥം ബാംഗ്ലൂരിലായിരുന്നപ്പോൾ ഇസ്‌ലാമിക സാഹിത്യങ്ങളുടെയും *പ്രബോധന*ത്തിന്റെയും പ്രചാരണത്തിൽ അതീവ ശുഷ്കാന്തി കാണിച്ചു. ഭാര്യയും രണ്ടു പെൺമക്കളും ഒരു മകനുമുണ്ട്.

**കെ. അബ്ദുൽഖാദിർ**
**പുന്നയൂർക്കുളം**

## സക്കീർ ഹുസൈൻ

**മാതൃകാ** ജീവിതം നയിച്ച് നല്ല ഓർമകൾ മാത്രം ബാക്കിവെച്ച യുവ ഇസ്‌ലാമിക പ്രവർത്തകനായിരുന്നു ചെറുകോട് പി. സക്കീർ ഹുസൈൻ മാസ്റ്റർ(39). കുറ്റ്യാടി ഇസ്‌ലാമിയാ കോളേജിലായിരുന്നു പഠനം. വാക്ചാതുരിയും വൈജ്ഞാനിക കരുത്തും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെ ആകർഷണീയമാക്കി. പറപ്പൂർ ഇസ്‌ലാമിയാ കോളേജിൽ അധ്യാപകനായും മേലാറ്റൂർ ഇർശാദ് ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചെറുകോട് ഇസ്‌ലാമിക് സർവീസ് സൊസൈറ്റി ട്രസ്റ്റ് സെക്രട്ടറിയായിരുന്നു.

തികഞ്ഞ സാമ്പത്തിക അച്ചടക്കം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

**അലവി ആനപ്പട്ടത്ത്**

## എം.സി മൊയ്തു



**ജ.ഇ** തലശ്ശേരി ഏരിയ നിട്ടൂർ കാർകുൻ ഹൽഖ അംഗമായിരുന്നു എം.സി മൊയ്തു സാഹിബ്. ശ്രീനാരായണ ബേസിക് യു.പി സ്കൂളിലെ പി.ടി.എ വൈസ് പ്രസിഡന്റും വടക്കുമ്പാട് വ്യാപാര വ്യവസായ സമിതി സ്ഥാപകനും ആജീവനാന്ത പ്രസിഡന്റുമായിരുന്നു. പലചരക്ക് കച്ചവടമായിരുന്നു ഉപജീവനമാർഗം. ദഅ്‌വത്തുൽ ഇസ്‌ലാം ട്രസ്റ്റ് മദ്റസയുടെ ഖജാഞ്ചിയുമായിരുന്നു.

**എ. അഹ്മദ് നെട്ടൂർ തലശ്ശേരി**

## ഇടക്കങ്കാട്ടിൽ അബു

ജ.ഇ തിരൂർ പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു അബുസാഹിബ്(63). നൂറുൽ ഇസ്‌ലാം ട്രസ്റ്റ് സെക്രട്ടറി, മസ്ജിദുനൂർ സെക്രട്ടറി, തലക്കടത്തൂർ വെൽഫെയർ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. തലക്കടത്തൂർ അരിക്കനറ്റ് മാർക്കറ്റിംഗ് സൊസൈറ്റി ജീവനക്കാരനെന്ന നിലയിലും ഹാർഡ്‌വെയർ ബിസിനസ് രംഗത്തും വലിയൊരു സുഹൃദ് വലയമുണ്ടായിരുന്നു അദ്ദേഹത്തിന്.

രണ്ട് ആൺമക്കളും നാല് പെൺമക്കളുമുള്ള അദ്ദേഹം അവർക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിലും അവരെ ഇസ്‌ലാമിക പ്രവർത്തനത്തിന് സജ്ജരാക്കുന്നതിലും വിജയിച്ചു.

**പി.പി കുഞ്ഞിമുഹമ്മദ്**
**തലക്കടത്തൂർ**

അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ